## പതിനാലാം കേരള നിയമസഭ
## പതിനാലാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 627** **29/01/2019-ൽ മറുപടിയ്ക്ക്**

### കേരള ബാങ്ക് രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് അനുമതി നൽകിയ അവസരത്തിൽ റിസർവ്വ് ബാങ്ക് മുന്നോട്ട് വച്ചിരുന്ന നിബന്ധനകൾ പാലിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 14 ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പാ പദ്ധതികൾ 01/01/2019 മുതൽ ഏകീകരിച്ചു. ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും മൈഗ്രേഷൻ ആഡിറ്റ്, സി.എ.ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്യവേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി. 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും തനത് ഫണ്ടിൽ നിന്നും ട്രഷറിനിക്ഷേപങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അത് പിൻവലിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് പുതുതായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. ബാങ്ക് രൂപീകരണത്തിനുള്ള നിയമ ഭേദഗതി നിയമസഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കേരള ബാങ്ക് യാഥാർത്ഥ്യ മാകുമ്പോൾ ജീവനക്കാരുടെ ജോലിസ്ഥിരതയെ ബാധിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ? | (ബി) | കേരള ബാങ്ക് യാഥാർത്ഥ്യമാകുന്നത് ജീവന ക്കാരുടെ ജോലിസ്ഥിരതയെ ബാധിക്കുകയില്ല. |

**സെക്ഷൻ ഓഫീസർ**